പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. റ്റി.2472

18.07.2011 - ലെ മറുപടിക്ക്

## രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തോമസ് ചാണ്ടി | ശ്രീ.കെ.സി.ജോസഫ് (ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയുടെ കീഴിൽ കുട്ടനാട്ടിലെ ഏതെല്ലാം കോളനികളിൽ മൈക്രോവാട്ടർ സപ്ലൈ സ്കീം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ; | (എ) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയുടെ കീഴിൽ കുട്ടനാട്ടിലെ നാല് കോളനികളിൽ ആലപ്പുഴ ഭൂജല വകുപ്പ് മൈക്രോ കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തകഴി പഞ്ചായത്തിലെ കേളാത്ത് കോളനി, ഐവേലിക്കാട് പ്രദേശം, കാവാലം പഞ്ചായത്തിലെ കരൂർ മംഗലം കോളനി, നാരായണകല്ല് സാംസ്കാരിക നിലയം എന്നിവിടങ്ങളിലാണ് ഇവ.<br>കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ തിരുവല്ല ഡിവിഷൻ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയുടെ കീഴിലുള്ള 'വർഷ 2005 - രാജീവ് ഗാന്ധി കുടിവെള്ള വിതരണ ദൌത്യം - മഴവെള്ളക്കൊയ്ത്ത്' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 590 കുടുംബങ്ങൾക്ക് മഴവെള്ള സംഭരണി സ്ഥാപിച്ച് (5000 ലി.) കുടിവെള്ളം നൽകിയിട്ടുണ്ട്. കൂടാതെ 2010-11 കാലയളവിൽ കൈനകരി പഞ്ചായത്തിൽ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി 72 കുടുംബങ്ങൾക്ക് മഴവെള്ള സംഭരണി അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കുടിവെള്ള പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ ; | (ബി) | ആലപ്പുഴ ഭൂജല വകുപ്പ് നടപ്പിലാക്കിയ പദ്ധതികളിൽ തകഴി പഞ്ചായത്തിലെ രണ്ട് കോളനികളിൽ കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരിച്ചു. കാവാലം പഞ്ചായത്തിലെ രണ്ട് കോളനികളിൽ കുഴൽ കിണർ നിർമ്മിച്ചു. 2011-12 സാമ്പത്തിക വർഷം അനുമതി ലഭിക്കുന്ന മുറയ്ക്ക് ജലവിതരണത്തിനാവശ്യമായ പമ്പ് സെറ്റ്, ടാങ്ക്, പൈപ്പ് എന്നിവ സ്ഥാപിച്ച് കുടിവെള്ള വിതരണം സാദ്ധ്യമാക്കുവാൻ കഴിയും.<br>കേരള വാട്ടർ അതോറിറ്റി തിരുവല്ല നടപ്പിലാക്കിയ "വർഷ 2005" -പദ്ധതിയിൽ പണി കഴിപ്പിച്ചിട്ടുള്ള മഴവെള്ള സംഭരണികൾ എല്ലാം തന്നെ ഗുണഭോക്താക്കളെ ഏല്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ